# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2023

## സ്വാശ്രയ/ യു.ഐ.റ്റി./ഐ.എച്ച്. ആർ.ഡി. കോളേജുകളിൽ കോളേജ് ലെവൽ സ്പോട്ട് അലോട്ട്മെന്റ് സെപ്റ്റംബർ 30 ന്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് കോളേജ് തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് **സെപ്റ്റംബർ 30 ന് അതാത് കോളേജുകളിൽ വച്ച് നടത്തുന്നു.**

### വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

- നിലവിൽ കോളേജുകളിൽ അഡ്മിഷൻ ഉള്ള വിദ്യാർത്ഥികൾക്ക് ടി സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.
- വിദ്യാർത്ഥികളോ അല്ലെങ്കിൽ അവരുടെ പ്രതിനിധികളോ രാവിലെ 10 മണിക്ക് മുൻപായി അഡ്മിഷൻ ആഗ്രഹിക്കുന്ന കോളേജുകളിൽ ഹാജരാകേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
- ഒന്നിലധികം കോളേജുകളിൽ അഡ്മിഷൻ ആഗ്രഹിക്കുന്നപക്ഷം വിദ്യാർത്ഥികൾക്ക് രക്ഷാകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. രക്ഷാകർത്താവ്/ പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ വിദ്യാർത്ഥി ഒപ്പിട്ട സാക്ഷ്യപത്രം നിർബന്ധമായും ഹാജരാക്കേതാണ്.
- ഇങ്ങനെ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് അഡ്മിഷൻ തുടങ്ങുന്നതിന് മുമ്പായി കോളേജ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്.
- കോളേജുകളിൽ നിലവിലുള്ള ഒഴിവുകളോ/റാങ്ക് ലിസ്റ്റോ അവസാനിക്കുന്നത് വരെ അന്നേ ദിവസം തന്നെ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.
- ഒരു കോളേജിൽ അഡ്മിഷനായി വരുന്ന വിദ്യാർത്ഥികളിൽ പ്രസ്തുത കോളേജ് / കോഴ്സ് പ്രൊഫൈലിൽ അപേക്ഷിച്ചിട്ടുള്ള വിദ്യാർഥികൾക്കായിരിക്കും പ്രഥമ പരിഗണന. കോളേജ് / കോഴ്സ് ഓപ്ഷൻ നൽകിയവരുടെ അഭാവത്തിൽ മറ്റ് കുട്ടികളെ പരിഗണിക്കുന്നതാണ്.

- ഓരോ കോളേജിലും നിലവിലുള്ള വേക്കൻസി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത വേക്കൻസികളിലേക്ക് മാത്രമായിരിക്കും അഡ്മിഷൻ നടത്തുന്നത്.
- വിദ്യാർത്ഥികൾ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുമ്പോൾ ഒറിജിനൽ ടി. സി നിർബന്ധമായും ഹാജരാക്കേതാണ്.
- നിലവിൽ യൂണിവേഴ്സിറ്റി ഫീസ് അടയ്ക്കാത്തവർക്ക് അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക്- 930/- രൂപ, ജനറൽ, മറ്റ് സംവരണ വിഭാഗങ്ങൾക്ക് - 1850/- രൂപ) അടയ്ക്കേതാണ്.
- വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റ്ഔട്ട്, യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (for candidates of other Universities), മറ്റു യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.
- നിലവിൽ സർവകലാശാല അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരെ, റാങ്ക് ലിസ്റ്റിൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ സീറ്റ് ഒഴിവുള്ള പക്ഷം, അഡ്മിഷൻ പോർട്ടലിൽ മാനേജ്മെന്റ് ക്വാട്ട ലിങ്ക് വഴി രജിസ്ട്രേഷൻ നടത്തി അലോട്ട്മെന്റിൽ പങ്കെടുപ്പിക്കുന്നതാണ്.

**രജിസ്ട്രാർ**